# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

11.02.2016 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.105

### അവശ്യ വസ്തുക്കളുടെ വിലക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ<br>ശ്രീ. പി.കെ.ഗുരുദാസൻ<br>ശ്രീമതി. കെ.എസ്.സലീഖ<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അവശ്യ വസ്തുക്കളുടെ വിലക്കയറ്റം അതിരൂക്ഷമായി തുടരുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;<br><br>(ബി) വിലവർദ്ധന തടയുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം പാലിക്കപ്പെടാത്തതെന്തുകൊണ്ടെന്ന് അറിയിക്കാമോ; | (എ) യും (ബി) യും ചില സാധനങ്ങൾക്ക് വിലക്കയറ്റം ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം അവശ്യസാധനങ്ങളുടെ വിലവർദ്ധന പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്. |
| (സി) പൊതുവിപണിയിൽ ഇടപെടുന്നതിന് മതിയായ ഫണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; കോർപ്പറേഷന് സർക്കാർ എന്ത് തുക കുടിശ്ശിക നല്കാനുണ്ടെന്ന് അറിയിക്കാമോ; | (സി) പൊതുവിപണിയിൽ ഇടപെടുന്നതിനായി സപ്ലൈകോയ്ക്ക് സർക്കാർ വിഹിതമായി ബജറ്റിൽ ഉൾപ്പെടുത്തുന്ന തുകയെക്കാൾ കൂടുതൽ തുക സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിക്കാറുണ്ട്. |
| (ഡി) സപ്ലൈകോയുടെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വില വർദ്ധിക്കുകയുണ്ടായോ; 2011 മെയ് മാസത്തിനുശേഷം നാളിതുവരെ സബ്സിഡി സാധനങ്ങളുടെ വില എത്ര തവണ വർദ്ധിപ്പിച്ചുവെന്നും ഓരോന്നിനും എത്ര ശതമാനം വർദ്ധനയുണ്ടായെന്നും അറിയിക്കാമോ; | (ഡി) സബ്സിഡി സാധനങ്ങളുടെ വിലനിലവാരം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. കഴിഞ്ഞ ഒരു വർഷമായി സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല എന്നുമാത്രമല്ല പല സബ്സിഡി സാധനങ്ങളുടെയും വില കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി ഗുണമേന്മയുള്ള അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) സപ്ലൈകോയുടെ ഔട്ട് ലെറ്റുകൾ വഴി ഗുണമേന്മയുള്ള അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സബ്സിഡി വില കി. ഗ്രാമിന് | 6.7.12 ലെ ഉത്തരവു പ്രകാരം പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | 1.8.13 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 24.8.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 6.11.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 1.12.14 മുതൽ പുതുക്കിയ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 01.01.15 ലെ സബ്സിഡി വില കി. ഗ്രാമിന് | വർദ്ധനവ് ശതമാനത്തിൽ | 26.11.15 ലെ സബ്സിഡി വില | വർദ്ധനവ് ശതമാനത്തിൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ചെറുപയർ | – | 49.00 | 55.00 | 12.24 | 55.00 | 0 | 77.00 | 40 | 74.00 | -3.9 | 74.00 | 0 | 74.00 | 0 |
| 2 | ഉഴുന്ന് ബോൾ | 36.00 | 36.00 | 42.00 | 16.67 | 42.00 | 0 | 76.00 | 80.95 | 66.00 | -13.16 | 66.00 | 0 | 66.00 | 0 |
| 3 | വൻകടല | – | 44.00 | 45.00 | 2.27 | 45.00 | 0 | 45.00 | 0 | 43.00 | -4.4 | 43.00 | 0 | 43.00 | 0 |
| 4 | വൻപയർ | 26.50 | 26.50 | 35.00 | 32.08 | 35.00 | 0 | 49.00 | 40 | 45.00 | -8.16 | 45.00 | 0 | 45.00 | 0 |
| 5 | തുവരപരിപ്പ് | 34.00 | 34.00 | 45.00 | 32.35 | 45.00 | 0 | 67.00 | 48.89 | 65.00 | -2.99 | 65.00 | 0 | 65.00 | 0 |
| 6 | മുളക് | 45.00 | 45.00 | 55.00 | 22.22 | 75.00 | 36.36 | 75.00 | 0 | 75.00 | 0 | 75.00 | 0 | 75.00 | 0 |
| 7 | മല്ലി | 66 | 45.90 | 60.00 | 30.72 | 60.00 | 0 | 112.00 | 86.67 | 112.00 | 0 | 112.00 | 0 | 100.00 | -10.71 |
| 8 | പഞ്ചസാര | 25.00 | 25.00 | 26.00 | 4 | 26.00 | 0 | 27.50 | 5.77 | 25.00 | -9.09 | 25.00 | 0 | 22.00 | -12.00 |
| 9 | പച്ചരി | 16.00 | 16.00 | 21.00 | 31.25 | 23.00 | 9.5 | 23.00 | 0 | 23.00 | 0 | 23.00 | 0 | 23.00 | 0 |
| 10 | കുറുവ അരി | – | 19.00 | 21.00 | 10.53 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 25.00 | 0 |
| 11 | മട്ട അരി | 16.00 | 16.00 | 21.00 | 31.25 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 24.00 | -4.00 |
| 12 | ജയ അരി | – | 21.00 | 21.00 | 0 | 25.00 | 19.05 | 25.00 | 0 | 25.00 | 0 | 25.00 | 0 | 25.00 | 0 |
| 13 | വെളിച്ചെണ്ണ | – | 62.00 | 62.00 | 0 | 125.00 | 101.61 | 151.00 | 20.8 | 139.00 | -7.95 | 130.00 | -6.47 | 110.00 | -15.38 |

SO